# സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ), എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: ശ്രീ.എസ്.ഹരികിഷോർ ഐ.എ.എസ്)

വിഷയം: സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - ജില്ല തലത്തിൽ മികച്ച സിഡിഎസുകൾക്കുള്ള പാരിതോഷികം - ജില്ലകൾക്ക് തുക അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം:- 15/05/2018 ലെ സംഘടന പ്രോഗ്രാം ഓഫീസറുടെ സമർപ്പണം

**ഉത്തരവ് നം.4447/എം/2018/കെഎസ്എച്ച്ഒ തീയതി 07.07.2018**

കുടുംബശ്രീയുടെ 20-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ജില്ലാതലത്തിൽ നടത്തിയ മികച്ച സിഡിഎസ്സുകളെ തിരഞ്ഞെടുക്കൽ പ്രക്രിയയുടെ ഭാഗമായി ഒന്നും(1,00,000/- രൂപ), രണ്ടും(75,000/- രൂപ), മൂന്നും (50,000/- രൂപ) സ്ഥാനം ലഭിച്ച വർക്കുള്ള പാരിതോഷികം അനുവദിക്കേണ്ടതുണ്ട്. ഇതിലേയ്ക്ക് കുടുംബശ്രീ വാർഷിക പദ്ധതിയിലെ ഓർഗ് 07 എന്ന കോഡിലെ കുടുംബശ്രീ 20, 21 ആനിവേഴ്സറി എന്ന ശീർഷകത്തിൽ ബെസ്റ്റ് സിഡിഎസ് അവാർഡിനുള്ള തുക വകയിരുത്തിയിട്ടുണ്ട്. ആകെ വകയിരുത്തിയിരിക്കുന്ന 3.34 കോടി രൂപയിൽ ടി തുക ഉൾപ്പെടുന്നു. പ്രസ്തുത തുക അനുവദിക്കണമെന്ന് കാണിച്ച് പരാമർശം (1) പ്രകാരം സംഘടന പ്രോഗ്രാം ഓഫീസർ സമർപ്പണം നൽകിയിട്ടുണ്ട്. ഓരോ ജില്ലക്കും 2,25,000/- രൂപ വീതമാണ് പാരിതോഷികം അനുവദിക്കേണ്ടത്. ഏതെങ്കിലും ജില്ലയിൽ സിഡിഎസുകൾ ഒരേ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടാൽ സമ്മാന തുക തുല്യമായി വീതം വച്ച് നൽകേണ്ടതാണ്.

ഈ സാഹചര്യത്തിൽ ജില്ലാ തലത്തിൽ സംഘടിപ്പിച്ച മികച്ച സിഡിഎസ്സുകൾക്കുള്ള പാരിതോഷികം നൽകുന്നതിന് ഒരു ജില്ലയ്ക്ക് 2,25,000/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) വീതം 14 ജില്ലകൾക്കും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ടി തുക കുടുംബശ്രീ സംസ്ഥാന മിഷനിലെ വാർഷിക പദ്ധതിയിലെ org07: kudumbashree 20th , 21st Anniversary celebrations എന്ന ശീർഷകത്തിൽ വകയിരുത്തി ചെലവഴിക്കാവുന്നതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. അക്കൗണ്ട്സ് സെക്ഷൻ (തുക അറിവിലേയ്ക്കായി)
2. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും

പകർപ്പ്

കരുതൽ/അധികം

*ഉത്തരവിൻ പ്രകാരം,*

*പ്രോഗ്രാം ഓഫീസർ (സംഘടന)*